# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3375** **16.12.2015 ൽ മറുപടിയ്ക്ക്**

## കോട്ടപ്പടി ബൈപാസ് നിർമാണത്തിന് സാക്ഷ്യപത്രം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. ഉബൈദുള്ള : | | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം കോട്ടപ്പടി ബൈപാസ് നിർമാണ പൂർത്തീകരണവുമായി ബന്ധപ്പെട്ട് പ്രാദേശിക നിരീക്ഷണ സമിതിയുടെ ശുപാർശ സഹിതം പൊതുമരാമത്ത് വകുപ്പ്. അസി. എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ നെൽവയൽ തണ്ണീർത്തട സംസ്ഥാനതല സമിതിയുടെ പരിഗണനക്ക് വന്നിരുന്നോ; സമിതി ഇക്കാര്യത്തിൽ അഭിപ്രായം രേഖപ്പെടുത്തിയിരുന്നോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | മലപ്പുറം കോട്ടപ്പടി ബൈപ്പാസ് നിർമ്മാണം പൂർത്തീകരണവുമായി ബന്ധപ്പെട്ട് പ്രാദേശിക നിരീക്ഷണ സമിതിയുടെ ശുപാർശ സഹിതം ലഭ്യമായ അപേക്ഷ സംസ്ഥാനതലസമിതിയുടെ 23.05.2015 ലെ യോഗത്തിൽ പരിഗണിക്കുകയും, പ്രസ്തുത ഭൂമി നികത്തുന്നതുകൊണ്ട് സ്ഥലത്തിനേയോ, വെള്ളത്തിന്റെ ഒഴുക്കിനേയോ ദോഷകരമായി ബാധിക്കുമോ എന്നതിന്മേലുള്ള അഭിപ്രായം ബന്ധപ്പെട്ട കൃഷി ഓഫീസർ, വില്ലേജ് ആഫീസർമാർ എന്നിവരോട് ആവശ്യപ്പെടുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു. ആയതുപ്രകാരം 25.07.2015-ാം തീയതിയിലെ 190/എൻസിഎ 3/14/കൃഷി നമ്പർ കത്ത് പ്രകാരം ടി ഉദ്യോഗസ്ഥരോട് പ്രസ്തുത റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. |
| (ബി) | ഒരു വർഷം പിന്നിട്ടിട്ടും വീണ്ടും രേഖകളുടെ കുറവ് ചൂണ്ടിക്കാണിച്ച് കൃഷി വകുപ്പിൽ നിന്നും നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള സാക്ഷ്യപത്രം നൽകുന്നതിൽ കാലതാമസം വരുത്തുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) & (സി) | മേൽ പരാമർശിച്ച റിപ്പോർട്ട് ലഭ്യമാകാതിരുന്നതിനാലാണ് മേൽ അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളുവാൻ കാലതാമസം ഉണ്ടായിട്ടുള്ളത്. ഇപ്പോൾ ആയത് ലഭ്യമായിട്ടുണ്ട്. ടി റിപ്പോർട്ടുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 17.12. 2015- ൽ കൂടുന്ന സംസ്ഥാനതല സമിതി യോഗത്തിന്റെ പരിഗണനയ്ക്കായുള്ള അജണ്ടയിൽ പ്രസ്തുത അപേക്ഷ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>സംസ്ഥാനതല സമിതി യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ പരിവർത്തനാനുമതി നല്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | ഇത് സംബന്ധിച്ച് കൃഷി വകുപ്പ് (എൻ.സി.എ) സെക്രട്ടറിയേറ്റിലുള്ള ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സാക്ഷ്യപത്രം എന്നത്തേക്ക് നല്കാൻ സാധിക്കുമെന്നും വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ